# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2692 — 17.06.2019 ലെ മറുപടി

### ജലാശയങ്ങൾ മലിനപ്പെടുത്തുന്നവർക്കെതിരെ നിയമനടപടി.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, പി.കെ.ബഷീർ : | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജലാശയങ്ങൾ മലിനപ്പെടുത്തുന്നവർക്കെതിരെ കർശന നിയമനടപടികൾ ശിപാർശ ചെയ്യുന്ന തരത്തിൽ നിയമഭേദഗതി കൊണ്ടുവന്നതിനുശേഷം ഇത്തരത്തിലുള്ള പ്രവണതകൾ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ വിശദമാക്കുമോ; | (എ) നിയമഭേദഗതിയോടൊപ്പം സംസ്ഥാനത്ത് നടന്നുവരുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും, ഹരിത കേരളം മിഷന്റെയും ജലവിഭവ വകുപ്പിന്റെയും നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലഘുലേഖകൾ പ്രചരിപ്പിച്ചതിന്റെയും ഫലമായും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന മാലിന്യസംസ്കരണ നടപടികളുടെയും ഫലമായി ജലാശയ മലിനീകരണത്തിൽ പൊതുവിൽ മാറ്റം പ്രകടമായിട്ടുണ്ട്. |
| (ബി) പരിസ്ഥിതിനാശം വരുത്തുന്ന തരത്തിൽ കായൽത്തീരങ്ങൾ ബോധപൂർവ്വം കയ്യേറുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ടോ; ഇത് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം വിശദമാക്കുമോ; ഇത്തരത്തിൽ നിയമ നടപടികൾ വല്ലതും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) കായൽ തീരങ്ങൾ വിവിധതരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇതിലൊന്നാണ് കയ്യേറ്റം. കായൽ തീരങ്ങൾ കയ്യേറുന്ന പ്രവണത കണ്ടെത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ റവന്യൂ അധികൃതരാണ് ഇത്തരം അവസരങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നത്.<br>തീരപ്രദേശ നിയന്ത്രണപരിപാലന നിയമം ബാധകമായി വരുന്ന സ്ഥലങ്ങളിൽ സംസ്ഥാനതീരദേശ നിയന്ത്രണ അതോറിറ്റിയും നടപടികൾ സ്വീകരിച്ചു വരുന്നു. |

(സി) കൊച്ചി ഇളംകുളം മെട്രോ സ്റ്റേഷനു പിൻവശത്ത് കൊച്ചി മെട്രോ റെയിൽ കോർപറേഷൻ മെട്രോ നിർമ്മാണത്തെ ത്തുടർന്നുണ്ടായ കോൺക്രീറ്റ് വേസ്റ്റുകൾ കായലിന്റെ തീരത്ത് നിക്ഷേപിച്ച് കായൽ മലിനമാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിനെ തുടർന്ന് സ്വീകരിച്ച നിയമ നടപടികൾ വിശദമാക്കാമോ?

(സി) കൊച്ചി മെട്രോ ഇളംകുളം സ്റ്റേഷന് പിൻവശത്ത് മെട്രോ നിർമ്മാണത്തെത്തുടർന്ന് വേസ്റ്റുകൾ കായൽ തീരത്ത് നിക്ഷേപിച്ച് കായൽ മലിനമാക്കിയതായി ക ണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മലിനീകരണവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ മീറ്റിംഗ് വിളിക്കുകയും KMRL -നോട് മാലിന്യം എത്രയും വേഗം നീക്കം ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**